"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - കൊല്ലം ജില്ലയിലെ കുന്നത്തൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയിരുന്ന (നിലവിൽ പുനലൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II) ശ്രീമതി ഫൗസിയ എൻ. അഷ്റഫ്-ന് ബി.എച്ച്.എം.എസ്. പഠനത്തിനായി ദീർഘിപ്പിച്ച് നൽകിയ ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.107/2026/AYUSH തീയതി, തിരുവനന്തപുരം, 24-02-2026

---

പരാമർശം:- (1) സ.ഉ.(സാധാ)നം.266/2022/ആയുഷ് തീയതി 18/06/2022.

(2) സ.ഉ.(സാധാ)നം.417/2024/ആയുഷ് തീയതി 04/11/2024.

(3) ശ്രീമതി ഫൗസിയ എൻ. അഷ്റഫിന്റെ 06/09/2024, 10/10/2024 എന്നീ തീയതികളിലെ അപേക്ഷകൾ.

(4) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 17/05/2025, 21/07/2025 എന്നീ തീയതികളിലെ DHTVM/1245/2024-EA5 നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കുന്നത്തൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II ആയിരുന്ന (നിലവിൽ പുനലൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II) ശ്രീമതി ഫൗസിയ എൻ. അഷ്റഫിന് ബി.എച്ച്.എം.എസ്. പഠനത്തിനായി 02/03/2021 മുതൽ 31/07/2024 വരെ പരാമർശം-(1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്ന്, ടിയാളുടെ കോഴ്സ് കാലാവധി ദീർഘിപ്പിച്ചതിനാൽ 01/08/2024 മുതൽ 31/10/2024 വരെ പരാമർശം-(2) പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ചും ഉത്തരവായിരുന്നു. എന്നാൽ, 31/08/2024-ന് ടിയാളുടെ കോഴ്സ് അവസാനിച്ചതിനാൽ, പരാമർശം-(2) പ്രകാരം ദീർഘിപ്പിച്ച് നൽകിയ ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാതെ ശേഷിച്ച 01/09/2024 മുതൽ 31/10/2024 വരെയുള്ള കാലയളവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കോഴ്സ് കഴിഞ്ഞതിനുശേഷം ജോലിയിൽ പ്രവേശിക്കാതെ നിന്ന 01/09/2024 മുതൽ 27/09/2024 വരെയുള്ള കാലയളവ്, ടിയാൾ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, മുൻകാല സേവനം നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട്

ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നത്തൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II ആയിരുന്ന (നിലവിൽ പുനലൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II) ശ്രീമതി ഫൗസിയ എൻ. അഷ്റഫിന് പരാമർശം-(2) പ്രകാരം **01/08/2024** മുതൽ **31/10/2024** വരെ അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത **01/09/2024** മുതൽ **31/10/2024** വരെയുള്ള കാലയളവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ, കോഴ്സ് കഴിഞ്ഞതിനുശേഷം ജോലിയിൽ പ്രവേശിക്കാതെ നിന്ന **01/09/2024** മുതൽ **27/09/2024** വരെയുള്ള കാലയളവ്, ടിയാൾ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, മുൻകാല സേവനം നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി ഫൗസിയ എൻ. അഷ്റഫ്, ഫാർമസിസ്റ്റ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, പുനലൂർ. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം).
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കൊല്ലം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (10/02/2026-ലെ No.2049788/HLT-B3/174/2022-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/187/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 24-02-2026 16:57:12

സെക്ഷൻ ഓഫീസർ.